HON'BLE MR. N. KUNJURAMAN : അങ്ങിനെയല്ല.

MR. ALEXANDER VAKAYIL : അങ്ങിനെയാണെങ്കിൽ പരീക്ഷകന്മാർക്ക് പ്രതിഫലം കുറേക്കൂടി കൂട്ടിക്കൊടുത്താൽ അവരുടെ പ്രവർത്തി കൂടുതൽ കാര്യക്ഷമമായി നടക്കുന്നതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ലേ?

HON'BLE MR. N. KUNJURAMAN : അതു അവശ്യമാണെന്നു ഇപ്പോൾ തോന്നുന്നില്ല.

Thirumuppam tank.

* 459 MR. ALEXANDER VAKAYIL : Will the Hon'ble Minisier for Public Works be pleased to s tate:

(*a*) has any representation been received from the periodical cleaning of the Thirumuppam tank at Coonamavu in the Parur taluk and keeping it fit for the bathing purposes of the common people ; and

(*b*) if so, what action has been taken on it ?

HON'BLE MR. K. R. ELANKATH : (എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

MR. ALEXANDER VAKAYIL : ഒരു നിവേദനം അയച്ചിട്ടുണ്ടായിരുന്നല്ലോ. അതു കിട്ടിയിട്ടില്ലേ?

HON'BLE MR. K. R. ELANKATH : നിവേദനം ഒന്നും കിട്ടിയിട്ടില്ല. മുമ്പു ഈ സഭയിൽ ഒരു ചോദ്യം ഉണ്ടായതായേ കാണുന്നുള്ളൂ.

Permission to open a Middle School.

* 460. MR. ALEXANDER VAKAYIL : Will the Hon'ble Minister for Education be pleased to state :

(*a*) has any application been received from Manjumel for permission to open a Middle school there ; and

(*b*) If so, what action has been taken on it ?

HON'BLE MR. N. KUNJURAMAN : (*a*) Yes.

(*b*) The question is receiving attention.

കൊല്ലം ഡിസ്ട്രിക്ട് രജിസ്ട്രാർ.

*461. MR. PANDAVATHU SANKARA PILLAI (*Karthikappalli III—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട രജിസ്ട്രേഷൻവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലം ഡിസ്ട്രിക്ട് രജിസ്ട്രാർ, മി. മഹമ്മദിന്റെ, ഇപ്പോഴത്തെ സിവിൽലിസ്റ്റിൽ കൊടുത്തിരിക്കുന്ന വയസ്സ് കള്ളമാണെന്നും, അദ്ദേഹത്തിന്റെ സ്കൂൾഫൈനൽ സർട്ടിഫിക്കറിലെ വയസ്സാണു ശരിയെന്നും കാണിച്ച് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

LIBRARY ARCHIVES Kerala Legislative Assembly